**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2190** **12-02-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ രാത്രി കാലങ്ങളിൽ പോലീസ് സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് ഔട്ട് പോസ്റ്റിൽ എല്ലാ ദിവസവും രാത്രി കാലങ്ങളിൽ പോലീസിന്റെ സേവനം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | **നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്ന പോലീസ് എയ്ഡ് പോസ്റ്റിലേക്ക് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ നിന്നും ഒരു പോലീസ് ഉദ്യോഗസ്ഥനെ എല്ലാ ദിവസവും രാവിലെ 08.00 മണി മുതൽ രാത്രി 08.00 മണി വരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചു വരുന്നു. അതോടൊപ്പം രാത്രികാല നിരീക്ഷണം നടത്തുന്നതിന് പോലീസ് പട്രോളിംഗ് വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ ആശുപത്രി സന്ദർശിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഔട്ട് പോസ്റ്റിൽ എത്രപേരെയാണ് ഡ്യൂട്ടിയ്ക്ക് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ